ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 19-03-2024**

## പ്രധാനവാർത്തകൾ

1. ഒന്നാംഘട്ട ലോക്സഭാ തിരഞ്ഞെടുപ്പിനുള്ള വിജ്ഞാപനം തിരഞ്ഞെടുപ്പ് കമ്മീഷൻ നാളെ പുറപ്പെടുവിക്കും.

2. എൻ.ഡി.എ പ്രചാരണത്തിൻറെ ഭാഗമായി പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് പാലക്കാട് റോഡ് ഷോയിൽ പങ്കെടുത്തു. സംസ്ഥാനത്ത് മണ്ഡല പര്യടനം സജീവമാക്കി എൽഡിഎഫും, യുഡിഎഫും.

3. കേരളത്തിലെ തെരഞ്ഞെടുപ്പ് തീയതി വെള്ളിയാഴ്ചയിൽ നിന്നും മാറ്റണമെന്ന ആവശ്യമുയർത്തി കോൺഗ്രസ്.

4. പൗരത്വ ഭേദഗതി നിയമം നടപ്പാക്കുന്നത് സ്റ്റേ ചെയ്യാൻ വിസമ്മതിച്ച് സുപ്രീം കോടതി. കേന്ദ്ര സർക്കാരിനോട് വിശദീകരണം ആരാഞ്ഞു.

5. എസ്.എസ്.എൽ.സി പരീക്ഷാ മൂല്യനിർണ്ണയം ഏപ്രിൽ 3-ന് ആരംഭിക്കുമെന്ന് മന്ത്രി വി ശിവൻകുട്ടി.

6. സംസ്ഥാനത്തെ ടെക്സ്റ്റൈൽ ഷോറൂമുകളിൽ തൊഴിൽ വകുപ്പിൻറെ മിന്നൽ പരിശോധന. മുന്നൂറോളം നിയമലംഘനങ്ങൾ കണ്ടെത്തി.

*************************************************************

RNU TVPM

## ഒന്നാം ഘട്ട തിരഞ്ഞെടുപ്പ്

ഒന്നാംഘട്ട ലോക്സഭാ തിരഞ്ഞെടുപ്പിനുള്ള വിജ്ഞാപനം കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ നാളെ പുറപ്പെടുവിക്കും. തമിഴ്നാട്ടിലെ 39 മണ്ഡലങ്ങൾ ഉൾപ്പെടെ 21 സംസ്ഥാനങ്ങളിലെ 102 മണ്ഡലങ്ങളിലാണ് ആദ്യ ഘട്ടത്തിൽ വോട്ടെടുപ്പ്. . ബിഹാർ ഒഴികെയുള്ള സംസ്ഥാനങ്ങളിൽ നാമനിർദ്ദേശ പത്രിക സമർപ്പിക്കാനുള്ള സമയപരിധി ഈ മാസം 27 വരെയാണ്. പത്രികയുടെ സൂക്ഷ്മപരിശോധന 28-നും പിൻവലിക്കാനുള്ള സമയപരിധി 30 വരെയുമാണ്. ബിഹാറിൽ നാമനിർദ്ദേശ പത്രിക ഈ മാസം 28 വരെ സമർപ്പിക്കാം. ഏപ്രിൽ 19 നാണ് ഒന്നാം ഘട്ടത്തിൽ വോട്ടെടുപ്പ് നടക്കുന്നത്. വോട്ടെണ്ണൽ ജൂൺ നാലിനാണ്. സിക്കിം, അരുണാചൽ പ്രദേശ് നിയമസഭാ തിരഞ്ഞെടുപ്പുകളുടെ വിജ്ഞാപനവും നാളെ പുറപ്പെടുവിക്കും.

************************************************************

## പ്രധാനമന്ത്രി -പാലക്കാട്

പ്രധാനമന്ത്രിയും, മുതിർന്ന ബിജെപി നേതാവുമായ നരേന്ദ്രമോദി ഇന്ന് പാലക്കാട് എൻഡിഎ തിരഞ്ഞെടുപ്പ് പ്രചാരണ റോഡ് ഷോയിൽ പങ്കെടുത്തു. കോട്ടമൈതാനത്തിന് സമീപമുള്ള അഞ്ചുവിളക്കിൽ നിന്നും സുൽത്താൻ പേട്ട വഴി ഹെഡ് പോസ്റ്റ് ഓഫീസ് വരെയാണ് റോഡ് ഷോ നടന്നത്. ബി.ജെ.പി സംസ്ഥാന അധ്യക്ഷൻ കെ.സുരേന്ദ്രനും , പാലക്കാട്, പൊന്നാനി ലോക്സഭാ മണ്ഡലങ്ങളിലെ എൻ.ഡി.എ സ്ഥാനാർഥികളും അദ്ദേഹത്തോടൊപ്പം തുറന്ന വാഹനത്തിൽ ഉണ്ടായിരുന്നു. വൻ ജനപങ്കാളിത്തമാണ് പരിപാടിയിൽ ഉണ്ടായത്.

************************************************************

RNU TVPM

## തെരഞ്ഞെടുപ്പ് -കേരളം

സംസ്ഥാനത്ത് തെരഞ്ഞെടുപ്പ് പ്രചാരണം ആവേശകരമായി തുടരുന്നു. എൽഡിഎഫ്, യുഡിഎഫ്, എൻഡിഎ സ്ഥാനാർത്ഥികളും, മുതിർന്ന നേതാക്കളും മണ്ഡലങ്ങളിൽ സജീവ പര്യടനം തുടരുകയാണ്. ഏപ്രിൽ 26 നാണ് സംസ്ഥാനത്ത് വോട്ടെടുപ്പ് . വോട്ടർ പട്ടികയിൽ ഇതുവരെ പേര് ചേർത്തിട്ടില്ലാത്തവർക്ക് മാർച്ച് 25 വരെ പേര് ചേർക്കാൻ അവസരമുണ്ട്. നാമനിർദേശ പത്രിക സമർപ്പിക്കാനുള്ള അവസാന തിയതിയുടെ പത്തുദിവസം മുമ്പുവരെയാണ് പട്ടികയിൽ പേര് ചേർക്കാൻ അവസരമുള്ളത്.

*************************************************************

## എംഎം ഹസൻ

RAJU TVPM

സംസ്ഥാനത്ത് നടത്താനിരിക്കുന്ന ലോക്സഭാ തിരഞ്ഞെടുപ്പ് ഏപ്രിൽ-26, വെള്ളിയാഴ്ചയിൽ നിന്നും മാറ്റണം എന്നാവശ്യപ്പെട്ട് കെപിസിസി ആക്ടിംഗ് പ്രസിഡന്റ് എംഎം ഹസൻ തിരഞ്ഞെടുപ്പ് കമ്മീഷന് കത്തുനല്കി. കേരളം പോലൊരു സംസ്ഥാനത്ത് വെള്ളിയാഴ്ചയോ ഞായറാഴ്ചയോ വോട്ടെടുപ്പ് നടത്തുന്നത് ഉദ്യോഗസ്ഥർക്കും, വോട്ടർമാർക്കും വലിയ ബുദ്ധിമുട്ടുണ്ടാക്കുമെന്ന് ചൂണ്ടിക്കാട്ടിയാണ് കത്ത് നൽകിയത്. പ്രതിപക്ഷ നേതാവ് വിഡി സതീശനും ഇതു സംബന്ധിച്ച് തിരഞ്ഞെടുപ്പ് കമ്മീഷന് പരാതി നല്കിയിട്ടുണ്ട്.

*************************************************************

## കോൺഗ്രസ്സ് പ്രവർത്തക സമിതി യോഗം

ലോക്സഭാ തിരഞ്ഞെടുപ്പിലെ പ്രകടന പത്രിക സംബന്ധിച്ച ചർച്ചകൾക്കായി കോൺഗ്രസ്സ് പ്രവർത്തക സമിതി യോഗം ന്യൂഡൽഹിയിൽ ചേർന്നു. കോൺഗ്രസ്സ് അധ്യക്ഷൻ മല്ലികാർജ്ജുൻ ഖർഗെ, മുതിർന്ന നേതാക്കളായ സോണിയ

ഗാന്ധി, രാഹുൽ ഗാന്ധി, പ്രിയങ്ക ഗാന്ധി, പി ചിദംബരം, കെ സി വേണുഗോപാൽ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു. പ്രകടന പത്രികയ്ക്ക് അന്തിമാനുമതി നൽകാൻ കോൺഗ്രസ്സ് അധ്യക്ഷൻ മല്ലികാർജ്ജുൻ ഖർഗെയെ യോഗം ചുമതലപ്പെടുത്തിയതായി യോഗത്തിന് ശേഷം കെ സി വേണുഗോപാൽ മാധ്യമങ്ങളോട് പറഞ്ഞു.

**************************************************************

## പൗരത്വ ഭേദഗതി നിയമം

പൗരത്വ ഭേദഗതി നിയമം നടപ്പാക്കുന്നത് സ്റ്റേ ചെയ്യാൻ വിസമ്മതിച്ച് സുപ്രീം കോടതി. ഇത് സംബന്ധിച്ച ഹർജികളിൽ മറുപടി നൽകാൻ കേന്ദ്ര സർക്കാരിന് സുപ്രീം കോടതി മൂന്നാഴ്ചത്തെ സമയം നൽകി. ചീഫ് ജസ്റ്റിസ് ഡി വൈ ചന്ദ്രചൂഡ്, ജസ്റ്റിസ് പർദ്ദിവാല, ജസ്റ്റിസ് മനോജ് മിശ്ര എന്നിവരടങ്ങിയ ബെഞ്ചാണ് ഹർജികൾ പരിഗണിച്ചത്. കേസ് ഏപ്രിൽ 9 ന് കോടതി വീണ്ടും പരിഗണിക്കും. കേരള സർക്കാരും, ഇന്ത്യൻ യൂണിയൻ മുസ്ലിം ലീഗ്, ഡിവൈഎഫ്ഐ ഉൾപ്പടെ വിവിധ സംഘടനകളുമാണ് പൗരത്വ ഭേദഗതി നിയമത്തിനെതിരായി സുപ്രീം കോടതിയെ സമീപിച്ചത്.

RNU TVPM

**************************************************************

## പരീക്ഷാ മൂല്യനിർണ്ണയ തീയതി

എസ്.എസ്.എൽ.സി., ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി പരീക്ഷാ മൂല്യനിർണ്ണയം ഏപ്രിൽ 3-ന് ആരംഭിക്കുമെന്ന് വിദ്യാഭ്യാസ മന്ത്രി വി ശിവൻകുട്ടി. എസ്.എസ്.എൽ.സി. മൂല്യനിർണ്ണയത്തിന് 70 ക്യാമ്പുകളും, ഹയർ സെക്കണ്ടറി മൂല്യനിർണ്ണയത്തിന് 77 ക്യാമ്പുകളും സജ്ജീകരിക്കും. തിരഞ്ഞെടുപ്പ് നടപടി

ക്രമങ്ങളെ ബാധിക്കാത്ത രീതിയിലായിരിക്കും മൂല്യനിർണ്ണയ ക്യാമ്പുകളുടെ പ്രവർത്തനം.

***********************************************************

## ടെക്സ്റ്റൈൽ

സംസ്ഥാനത്തെ 82 ടെക്സ്റ്റൈൽ ഷോറൂമുകളിൽ തൊഴിൽ വകുപ്പ് നടത്തിയ മിന്നൽ പരിശോധനയിൽ മുന്നൂറോളം നിയമലംഘനങ്ങൾ കണ്ടെത്തിയതായി ലേബർ കമ്മീഷണർ അർജുൻ പാണ്ഡ്യൻ. 3724 തൊഴിലാളികൾ ജോലി ചെയ്യുന്നതിൽ 710 തൊഴിലാളികൾക്ക് മിനിമം വേതനം ലഭിക്കുന്നില്ലെന്ന് കണ്ടെത്തിയതായി അദ്ദേഹം അറിയിച്ചു. ജോലിസ്ഥലത്തു ഇരിക്കാനുള്ള അവകാശം , ബാലവേല എന്നിവയും പരിശോധനയുടെ ഭാഗമായിരുന്നു. വരും ദിവസങ്ങളിൽ പരിശോധന തുടരുമെന്നും കമ്മീഷണർ അറിയിച്ചു.

***********************************************************

## തിരഞ്ഞെടുപ്പ് - പോലീസ് സംഘം

RNU TVPM

ലോക്സഭാ തിരഞ്ഞെടുപ്പിനോടനുബന്ധിച്ച് വിവിധ സാമൂഹ്യമാധ്യമങ്ങൾ നിരീക്ഷിക്കുന്നതിനായി സംസ്ഥാനതലത്തിലും ജില്ലകളിലും സോഷ്യൽ മീഡിയ നിരീക്ഷണസംഘങ്ങൾക്ക് സംസ്ഥാന പോലീസ് മേധാവി ഷെയ്ഖ് ദർവേഷ് സാഹിബ് രൂപം നൽകി.

തിരഞ്ഞെടുപ്പ് മാനദണ്ഡങ്ങൾ ലംഘിക്കുന്ന തരത്തിലുള്ള സാമൂഹ്യമാധ്യമ ഇടപെടലുകളെക്കുറിച്ച് പൊതുജനങ്ങൾക്ക് 9497942700 എന്ന വാട്സാപ്പ് നമ്പരിലൂടെ നിരീക്ഷണസംഘങ്ങൾക്ക് വിവരം നൽകാമെന്നും അധികൃതർ അറിയിച്ചു.

***********************************************************

## തെരഞ്ഞെടുപ്പ് തിരു. പ്രചരണം-സജീവം

തൃകോണ മത്സരം നടക്കുന്ന തിരുവനന്തപുരം ജില്ലയിൽ തിരഞ്ഞെടുപ്പ് പ്രചാരണം സജീവമായി തുടരുന്നു. സിറ്റിംഗ് എം പിയും യു ഡി എഫ് സ്ഥാനാർത്ഥിയുമായ ശശി തരൂരിന്റെ തിരഞ്ഞെടുപ്പ് കൺവെൻഷൻ ഇടപ്പഴിഞ്ഞി ആർ.ഡി.ആർ.ഹാളിൽ ഇന്ന് നടന്നു. എൽഡിഎഫ് സ്ഥാനാർത്ഥി പന്ന്യൻ രവീന്ദ്രൻ വട്ടിയൂർക്കാവ് മണ്ഡലത്തിലെ വിവിധ സ്ഥലങ്ങൾ സന്ദർശിച്ചു.

എൻ ഡി എ സ്ഥാനാർഥി രാജീവ് ചന്ദ്രശേഖർ ഇന്ന് നേമം, തിരുവനന്തപുരം വെസ്റ്റ് നിയമസഭാ മണ്ഡലങ്ങളിലാണ് സന്ദർശനം നടത്തിയത്.

**************************************************************

## ലോക്സഭ തെരഞ്ഞെടുപ്പ് -കൊല്ലം

കൊല്ലം ജില്ലയിൽ ലോക്സഭാ തെരഞ്ഞെടുപ്പിനുള്ള മുന്നൊരുക്കങ്ങൾ അവസാനഘട്ടത്തിലാണെന്ന് ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസർ കൂടിയായ ജില്ലാ കലക്ടർ എൻ. ദേവീദാസ് വാർത്താസമ്മേളനത്തിൽ അറിയിച്ചു.

**വിശദാംശങ്ങളുമായി**
**ആകാശവാണി കൊല്ലം ജില്ലാ പ്രതിനിധി നീരജ് ലാൽ.**

**************************************************************

## ബിനോയ് വിശ്വം

ലോക് സഭാ തെരഞ്ഞെടുപ്പിൽ കേരളത്തിൽ എൽ ഡി എഫും യു ഡി എഫും തമ്മിലാണ് പ്രധാന മത്സരമെന്ന് സി പി ഐ സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വം. കേരളത്തിലെ വയനാട് ഉൾപ്പടെ വിവിധ മണ്ഡലങ്ങളിൽ ശക്തമായ പോരാട്ടം കാഴ്ചവെയ്ക്കുമെന്നും അദ്ദേഹം വാർത്താ സമ്മേളനത്തിൽ പറഞ്ഞു .

**************************************************************

RNU TVPM

## കെ. സുരേന്ദ്രൻ

പൗരത്വ പ്രതിഷേധത്തിന്റെ പേരിൽ എടുത്ത മുഴുവൻ കേസുകളും പിൻവലിക്കാൻ തീരുമാനിച്ചിട്ടും ശബരിമല പ്രക്ഷോഭ കേസുകൾ പിൻവലിക്കാൻ തയ്യാറാവാത്തത് സംസ്ഥാന സർക്കാരിന്റെ ഇരട്ടനീതിയാണെന്ന് ബിജെപി സംസ്ഥാന അദ്ധ്യക്ഷൻ കെ.സുരേന്ദ്രൻ. മുഖ്യപ്രതിപക്ഷമായ കോൺഗ്രസ് ഇതിന് കൂട്ടുനിൽക്കുകയാണ് ചെയ്യുന്നതെന്നും അദ്ദേഹം ആരോപിച്ചു.

**************************************************************

## ശബരിമല

ശബരിമലയിൽ നാലാം ഉത്സവദിനമായ ഇന്ന് ഉത്സവബലി ചടങ്ങുകൾ നടന്നു. നാളെ മുതൽ വിളക്കെഴുന്നള്ളിപ്പ് നടക്കും. 24 നാണ് ശരംകുത്തിയിലേക്ക് പള്ളിവേട്ട എഴുന്നള്ളത്ത്. പൈങ്കുനി ഉത്രം നാളായ 25ന് ഉച്ചയ്ക്ക് 11.30നു പമ്പയിൽ ആറാട്ട് നടക്കും. ഉത്സവത്തോടനുബന്ധിച്ച് തീർഥാടകരുടെ നല്ല തിരക്കാണ് സന്നിധാനത്ത് അനുഭവപ്പെടുന്നത്.

RNU TVPM

## ദന്തൽ കൗൺസിൽ

മതിയായ യോഗ്യതയില്ലാത്ത ദന്ത ഡോക്ടർമാർ ഹെയർ ട്രാൻസ്പ്ലാന്റേഷനും മറ്റു കോസ്മെറ്റിക് ചികിത്സകളും നടത്തുന്നതായി നിരവധി പരാതികൾ ലഭിച്ച സാഹചര്യത്തിൽ കർശന നടപടി സ്വീകരിക്കുമെന്ന് കേരള ദന്തൽ കൗൺസിൽ. മാനദണ്ഡങ്ങൾക്ക് വിരുദ്ധമായ പ്രവൃത്തി കണ്ടാൽ കർശന അച്ചടക്ക നടപടിക്ക് വിധേയരാകേണ്ടി വരുമെന്നും ദന്തൽ കൗൺസിൽ മുന്നറിയിപ്പ് നൽകി.

**************************************************************

## മരണം

തിരുവനന്തപുരത്ത് ലോറിയിൽ നിന്ന് കല്ല് തെറിച്ചു വീണ് പരിക്കേറ്റ വിദ്യാർത്ഥി മരിച്ചു. ബി ഡി എസ് വിദ്യാർത്ഥി അനന്തുവാണ് മരിച്ചത്. മുക്കോല ജംഗ്ഷനിൽ ഇന്ന് രാവിലെയായിരുന്നു സംഭവം. വിഴിഞ്ഞം തുറമുഖത്തേക്ക് കല്ല് കയറ്റിപ്പോയ ലോറിയിൽ നിന്ന് സ്കൂട്ടറിൽ പോകുകയായിരുന്ന അനന്തുവിന്റെ ദേഹത്തേയ്ക്ക് കല്ല് വീഴുകയായിരുന്നു.

*************************************************************

## ബോട്ട്

കോഴിക്കോട് പുതിയാപ്പ ഹാർബറിൽ നിന്നും മൂന്ന് ദിവസം മുൻപ് ആഴക്കടൽ മത്സ്യബന്ധനത്തിന് പോയ ബോട്ടിന്റെ എഞ്ചിൻ നിലച്ച് കടലിൽ കുടുങ്ങിയ ഏഴ് മത്സ്യതൊഴിലാളികളെ ഫിഷറീസ് വകുപ്പിന്റെ ബോട്ട് രക്ഷാപ്രവർത്തനം നടത്തി കരയിലെത്തിച്ചു. ബോട്ട് കടലിൽ കുടുങ്ങി കിടക്കുന്നതായി അഴീക്കോട് ഫിഷറീസ് സ്റ്റേഷനിൽ സന്ദേശം ലഭിച്ചതിനെ തുടർന്നാണ് ഫിഷറീസ് വകുപ്പ് രക്ഷാപ്രവർത്തനം നടത്തിയത്.

RNUTVPM

*************************************************************

## കാലാവസ്ഥ

സംസ്ഥാനത്ത് കനത്ത ചൂട് തുടരുന്നു. വ്യാഴാഴ്ച വരെ പാലക്കാട് ജില്ലയിൽ ഉയർന്ന താപനില 39 ഡിഗ്രി സെൽഷ്യസ് വരെയും, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട ജില്ലകളിൽ 38°C വരെയും ഉയരാൻ സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. കോട്ടയം, തൃശ്ശൂർ ജില്ലകളിൽ 37°C വരെയും, തിരുവനന്തപുരം, എറണാകുളം, കണ്ണൂർ, കോഴിക്കോട് എന്നീ ജില്ലകളിൽ 36°C വരെയും താപനില ഉയരാൻ സാധ്യതയുണ്ട്.

*************************************************************

## ഓഹരി + സ്വർണ്ണം

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 736 പോയിൻറ് താഴ്ന്ന് 72,013 ലും ദേശിയ ഓഹരി സൂചിക നിഫ്റ്റി 238 പോയിന്റ് നഷ്ടത്തിൽ 21,817 ലും വ്യാപാരം അവസാനിപ്പിച്ചു .

സ്വർണ വിലയിൽ വർധന . പവന് 336 രൂപ കൂടി 48640 രൂപയും ഗ്രാമിന് 42 രൂപ വർധിച്ചു 6,080 രൂപയുമാണ് ഇന്നത്തെ വില .

***************************************************************

********************************************

**************

RNU TVPM